# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4389 | 17/05/2017-ൽ മറുപടിക്ക്

### ചിക്കൻപോക്സ്

**ചോദ്യം**

**ശ്രീ.ടി. വി. ഇബ്രാഹിം**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) നടപ്പുവർഷം ചിക്കൻപോക്സ് രോഗം പടർന്ന് പിടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) എല്ലാ ജില്ലയിൽ നിന്നും ചിക്കൻപോക്സ് രോഗം ബാധിച്ചവരുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബി) 2017 ജനുവരി 1 മുതൽ ഏപ്രിൽ 30 വരെ കാലയളവിൽ ഈ അസുഖം ബാധിച്ചവരുടെ കണക്കുകൾ സർക്കാരിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

ബി) 2017 ജനുവരി 1 മുതൽ ഏപ്രിൽ 30 വരെ കാലയളവിൽ ചിക്കൻപോക്സ് ബാധിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ചിക്കൻപോക്സ് |
|---|---|---|
| 1 | തിരുവനന്തപുരം | 964 |
| 2 | കൊല്ലം | 1562 |
| 3 | പത്തനംതിട്ട | 322 |
| 4 | ഇടുക്കി | 742 |
| 5 | കോട്ടയം | 839 |
| 6 | ആലപ്പുഴ | 1376 |
| 7 | എറണാകുളം | 610 |
| 8 | തൃശ്ശൂർ | 832 |
| 9 | പാലക്കാട് | 465 |
| 10 | മലപ്പുറം | 3487 |
| 11 | കോഴിക്കോട് | 1309 |
| 12 | വയനാട് | 576 |
| 13 | കണ്ണൂർ | 1010 |
| 14 | കാസർഗോഡ് | 759 |

| | | | |
|---|---|---|---|
| സി) | ഈ രോഗം പടർന്ന് പിടിക്കുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | സി) | ചിക്കൻപോക്സ് ചൂടുകാലത്ത് കൂടുതലായി കണ്ടുവരുന്ന, വൈറസ് മൂലം വായുവിലൂടെ പകരുന്ന ഒരു രോഗമാണ്. ആളുകൾ കൂടുതൽ തിങ്ങി-പ്പാർക്കുന്ന പ്രദേശങ്ങളിൽ രോഗ-പകർച്ചയ്ക്ക് സാധ്യത ഏറെയാണ്. ഈ വർഷം പൊതുവേ ചൂട് കൂടിയ സ്ഥിതിയായതിനാൽ കൂടുതൽ കേസുകൾ ഉണ്ടായിട്ടുണ്ട്. |
| ഡി) | ഭാവിയിൽ ഈ രോഗം പടർന്ന് പിടിക്കാതിരിക്കാൻ കൈകൊണ്ട നടപടി-കൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | ഡി) | രോഗികൾക്ക് ആവശ്യമായ വിശ്രമവും, പോഷകാഹാരവും നൽകുക, മറ്റുള്ളവരു-മായി കൂടുതൽ അടുത്ത് ഇടപെടുന്നത് കുറയ്ക്കുക, വൈറസിനെതിരായ മരുന്നുകൾ നൽകുക തുടങ്ങിയവ ചെയ്തുവരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമായി നടപ്പി-ലാക്കുന്നു. സ്കൂൾ, കോളേജ്, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ പ്രത്യേക ബോധവൽക്കരണ പരിപാടി-കൾ നടപ്പാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**